LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളുടേയും സഹകരണത്തോടെ കെട്ടിടം കണ്ടെത്തുന്നതിനും മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിൽ വിറ്റുവരവ് പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. സപ്ലൈകോ എന്ന ബ്രാൻഡ് നെയിം കേരളത്തിലെ സാധാരണ ജനങ്ങൾക്കിടയിൽ, ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ താരതമ്യേന വളരെ വിലകുറഞ്ഞ് ലഭിക്കുന്നതിനാൽ സുപരിചിതമാണ്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യ സാധനങ്ങൾക്കുപുറമേ മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളും സ്വയം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് തെരഞ്ഞെടുക്കുവാനുള്ള സൗകര്യങ്ങൾ ഈ സൂപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇപ്രകാരം എല്ലാവിധ സബ്സിഡി സാധനങ്ങളും, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളും, വിവിധ അന്താരാഷ്ട്ര ബ്രാൻഡ് ഉൽപ്പന്നങ്ങളും MRP യേക്കാൾ കുറഞ്ഞ നിരക്കിൽ തങ്ങളുടേതായ താൽപ്പര്യത്തിനനുസരിച്ച് തെരഞ്ഞെടുക്കുവാനുള്ള അവസരം സാധാരണ ജനങ്ങൾക്ക് നൽകുക എന്നുള്ളതാണ് ഇതിന്റെ പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യം. ഉപഭോക്തൃ സംസ്കാരത്തിലുണ്ടായ മാറ്റങ്ങൾ അടിസ്ഥാനമാക്കിയാണ് ഇത്തരത്തിൽ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നത്. കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ കൂടുതൽജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സമരംമൂലവും മറ്റും സ്വകാര്യ മരുന്നുകടകളും പെട്രോൾ ബങ്കുകളും അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും ആശുപത്രി പരിസരങ്ങളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കുകയും ചെയ്യുവരുന്നു.

സ്കൂളുകളിലെ അദ്ധ്യയന സമയം

24 (*564) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യയന സമയം പരിഷ്കരിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി പീരിയഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ടൈംടേബിൾ പരിഷ്കരണത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു ; ഇത് സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ടൈംടേബിൾ പരിഷ്കരണത്തിന്റെ ഭാഗമായി വർദ്ധിക്കുന്ന പീരിയഡുകളുടെ എണ്ണമനുസരിച്ച് ഈ വർഷം തന്നെ പുതിയ അദ്ധ്യാപക/ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുമോ ; ഇതുപ്രകാരം ഹൈസ്കൂളുകളിൽ എത്ര തസ്തിക സൃഷ്ടിക്കേണ്ടിവരും ; അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്. ആഴ്ചയിൽ 7 പിരീഡ് എന്നത് 8 പിരീഡാക്കി മാറ്റിയിട്ടുണ്ട്. പുതുക്കിയ ഘടന അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായിട്ടാണ് ടൈംടേബിൾ പരിഷ്കരിച്ചത്. 4-ാം ക്ലാസ്സ് മുതൽ ഉണ്ടായിരുന്ന ഇംഗ്ലീഷ് പഠനം 1-ാം ക്ലാസ്സ് മുതൽ ആരംഭിച്ചത്, സംസ്കൃത പഠനം 1-ാം ക്ലാസ്സ് മുതൽ നടപ്പിലാക്കിയത്, പാഠ്യേതര വിഷയങ്ങളായ കലാ-കായിക വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, പ്രവൃത്തി പരിചയ വിദ്യാഭ്യാസം എന്നിവ പാഠ്യ വിഷയങ്ങളാക്കി മാറ്റിയത് എന്നിവ ടൈംടേബിൾ പരിഷ്കരണത്തിന് കാരണമായി. ടൈംടേബിൾ പരിഷ്കരണത്തിന്റെ ഉദ്ദേശ്യം സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ആവശ്യകത വിലയിരുത്തിയശേഷം പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ലഭ്യമാക്കാത്ത നടപടി

25 (*565) ശ്രീ. കെ. സുരേഷ്കുറുപ്പ് :
ഡോ. ടി. എം. തോമസ് ഐസക് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ഈ അദ്ധ്യയനവർഷം അച്ചടിച്ച് വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യയനവർഷം ആരംഭിച്ച് ഒന്നാംപാദ പരീക്ഷ തുടങ്ങാറായിട്ടും ഹാൻഡ്ബുക്ക് ലഭിക്കാതെ അദ്ധ്യാപകർ പ്രയാസപ്പെടുകയാണെന്ന കാര്യം അറിവുള്ളതാണോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly